**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുടെ 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2270/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 17/08/2018**

പരാമർശം (1) 26.04.2018 ലെ ജി.ഒ(ആർ.റ്റി) നം. 1188/18/തസ്വഭവ

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/06/2018-ലെ 5690/എ/18/കെ.എസ്.എച്ച്.ഒ നം. കത്ത്

(3) 03/07/2018 ലെ സ.ഉ.(പി) നം. 100/2018/ഫിൻ

(4) 26/7/2018-ലെ സ.ഉ(സാധാ)നം.6358/2018/ഫിൻ

**<u>ഉത്തരവ്</u>**

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി കുടുംബശ്രീയ്ക്ക് 2515-00-800-48 -കുടുംബശ്രീ- (പ്ലാൻ)- വോട്ടഡ് എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 188.62 കോടി രൂപയുടെ ഒന്നാം ഗഡുവായി 100 കോടി രൂപ അനുവദിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) -ലെ കത്തു പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) –ലെ ഉത്തരവിലെ ഖണ്ഡിക-7-ലെ നിബന്ധനകൾക്കു വിധേയമായി കുടുംബശ്രീയുടെ 2515-00-800-48- കുടുംബശ്രീ (പ്ലാൻ)-വോട്ടഡ് എന്ന ശീർഷകത്തിൽ നിന്നും 188.62 കോടി രൂപയുടെ 50% ആയ 94.31 കോടി രൂപ (തൊണ്ണൂറ്റിനാല് കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപാ മാത്രം) പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക അനുബന്ധത്തിൽ വിശദമാക്കിയ പ്രകാരം ജില്ലാ/സബ് ട്രഷറികൾക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകല സി.എസ്.**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ജില്ലാ ട്രഷറി, തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, കാക്കനാട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ,കാസർഗോഡ്.

സബ് ട്രഷറി, പത്തനംതിട്ട, പൈനാവ്,

ധനകാര്യ വകുപ്പ്(യു.ഒ ഫയൽ ഡെവ.2/235/18/ധന .തീയതി8.8.2018)

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക | ട്രഷറി |
|---|---|---|---|
| 1 | സംസ്ഥാന മിഷൻ ഓഫീസ് | 13.31 കോടി രൂപ | ജില്ലാ ട്രഷറി, തിരുവനന്തപുരം |
| 2 | തിരുവനന്തപുരം | 6 കോടി രൂപ | ജില്ലാ ട്രഷറി. തിരുവനന്തപുരം |
| 3 | കൊല്ലം | 6 കോടി രൂപ | ജില്ലാ ട്രഷറി, കൊല്ലം |
| 4 | പത്തനംതിട്ട | 5 കോടി രൂപ | സബ് ട്രഷറി, പത്തനംതിട്ട |
| 5 | ആലപ്പുഴ | 6 കോടി രൂപ | ജില്ലാ ട്രഷറി, ആലപ്പുഴ |
| 6 | കോട്ടയം | 5 കോടി രൂപ | ജില്ലാ ട്രഷറി, കോട്ടയം |
| 7 | ഇടുക്കി | 5 കോടി രൂപ | സബ് ട്രഷറി, പൈനാവ് |
| 8 | എറണാകുളം | 7 കോടി രൂപ | ജില്ലാ ട്രഷറി, കാക്കനാട് |
| 9 | തൃശ്ശൂർ | 7 കോടി രൂപ | ജില്ലാ ട്രഷറി, തൃശ്ശൂർ |
| 10 | പാലക്കാട് | 6 കോടി രൂപ | ജില്ലാ ട്രഷറി, പാലക്കാട് |
| 11 | മലപ്പുറം | 6 കോടി രൂപ | ജില്ലാ ട്രഷറി, മലപ്പുറം |
| 12 | കോഴിക്കോട് | 6 കോടി രൂപ | ജില്ലാ ട്രഷറി, കോഴിക്കോട് |
| 13 | വയനാട് | 5 കോടി രൂപ | ജില്ലാ ട്രഷറി, വയനാട് |
| 14 | കണ്ണൂർ | 6 കോടി രൂപ | ജില്ലാ ട്രഷറി, കണ്ണൂർ |
| 15 | കാസർഗോഡ് | 5 കോടി രൂപ | ജില്ലാ ട്രഷറി, കാസർഗോഡ് |
| | **ആകെ** | **94.31 കോടി രൂപ** | |